## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **T 3977**

**31.01.2014** ൽ മറുപടി പറയേണ്ടിയിരുന്നത്.

## കാറികൾക്കെതിരെ സ്വീകരിച്ച നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. റ്റി. എൻ. പ്രതാപൻ | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) | പാറ മടകൾ/ക്വാറികൾ പ്രവൃത്തിയ്ക്കുന്നതിന് അനുവദിച്ചിട്ടുള്ള അളവിലോ, സ്ഥലത്തിലോ കൂടുതൽ ഖനനം നടത്തിയാൽ നൽകാവുന്ന ശിക്ഷ എന്താണെന്ന് വിശദമാക്കുമോ; | (എ) | 1967 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ അനുശാസിക്കുന്ന ശിക്ഷ നൽകുന്നതാണ്. അനധികൃത ഖനനം ചെയ്ത ധാതുവിന്റെ റോയൽറ്റി, പിഴ എന്നിവ ഈടാക്കുന്നതാണ്. കൺസോളിഡേറ്റഡ് റോയൽറ്റി പെയ്മെന്റ് സിസ്റ്റത്തിൽ അനുവദിച്ച സ്ഥലത്തിനു പുറത്ത് ഖനനം നടത്തിയാൽ തൊട്ടടുത്ത ഉയർന്ന സ്ളാബിനു തുല്യമായ തുക ഈടാക്കുന്നു. |
| (ബി) | ക്വാറിയുടെ പ്രവർത്തനം മൂലം പരിസ്ഥിതിയ്ക്കോ, വ്യക്തികളുടെ സ്വത്തിനോ, ജീവനോ അപകടം സംഭവിച്ചാൽ ക്വാറിയുടെ ലൈസൻസ് റദ്ദാക്കാൻ വ്യവസ്ഥയുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | അപ്രകാരമുള്ള നിയമലംഘനങ്ങൾക്കെതിരെ കഴിഞ്ഞ അഞ്ച് വർഷത്തിനിടെ എത്ര ക്വാറികൾക്കെതിരെ നടപടി സ്വീകരിച്ചുവെന്നും എന്തൊക്കെ നടപടികൾ ആണ് സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ? | (സി) | കഴിഞ്ഞ 5 വർഷത്തിനിടെ 33 ക്വാറികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. ക്വാറികളുടെ പ്രവർത്തനം മൂലം പരിസ്ഥിതിക്കോ വ്യക്തികളുടെ ജീവനോ സ്വത്തിനോ അപകടം സംഭവിക്കുന്ന സാഹചര്യത്തിൽ താൽക്കാലികമായോ, സ്ഥിരമായോ ക്വാറി പ്രവർത്തനം നിറുത്തിവയ്ക്കാനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ